# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോതമംഗലം നഗരസഭയിലെ റിട്ട.ഹെൽത്ത് സൂപ്പർവൈസർ ശ്രീ.കെ.എം.സെയ്ദ് മുഹമ്മദ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.922/2018 മേലുള്ള 10/05/2018 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2699/2018/തസ്വഭവ  തീയതി, തിരുവനന്തപുരം : 22/10/2018

പരാമർശം : 1) ശ്രീ.കെ.എം.സെയ്ദ് മുഹമ്മദ് 10/08/2017 തീയതിയായി സമർപ്പിച്ച നിവേദനം (അനക്ഷർ - എ 10)

2) ശ്രീ.കെ.എം.സെയ്ദ് മുഹമ്മദ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.922/2018 മേലുള്ള 10/05/2018 ലെ അന്തിമ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 03/09/2018 തീയതിയിലെ പിഎഫ്4/3028/2013 നമ്പർ ഉത്തരവ് നടപടി ക്രമം.

4) നഗരകാര്യ ഡയറക്ടറുടെ 27/07/2018, 06/09/2018 തീയതികളിലെ പിഎഫ്4/3028/2018 നമ്പർ കത്തുകൾ.

## ഉത്തരവ്

സി.പി.എഫ് ക്ലോഷർ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച നിവേദനം (അനക്ഷർ - എ 10) പരിഗണിക്കുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ കോതമംഗലം നഗരസഭയിലെ റിട്ട.ഹെൽത്ത് സൂപ്പർവൈസർ ശ്രീ.കെ.എം.സെയ്ദ് മുഹമ്മദ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.922/2018 കേസിന്മേലുള്ള പരാമർശം (2) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ, വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് നാല് മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ട്, അനക്ഷർ-എ 10 സംബന്ധിച്ച് തീരുമാനമെടുക്കണമെന്ന് ഒന്നാം എതിർ എതിർകക്ഷിയോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചു.

2) ബഹു.ട്രൈബ്യൂണലിന്റെ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ. അപേക്ഷകനായ ശ്രീ.കെ.എം.സെയ്ദ് മുഹമ്മദിനെ തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് അണ്ടർ സെക്രട്ടറി 30/08/2018 ന് നേരിൽ കേട്ടിരുന്നു.

3) കോതമംഗലം നഗരസഭയിൽ നിന്നും ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും വിരമിച്ച തനിക്ക് സെൻട്രൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും അനുവദിച്ച തുക കുറഞ്ഞുപോയതിനാൽ അക്കൗണ്ട് പുനഃപരിശോധിച്ച് അർഹമായ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടാണ് പരാമർശം (1) പ്രകാരമുള്ള നിവേദനം സമർപ്പിച്ചിട്ടുള്ളതെന്നും, അതിനായാണ് ബഹു.ട്രൈബ്യൂണലിനെ സമീപിക്കേണ്ടിവന്നതെന്നും ഹിയറിംഗ് സമയത്ത് ശ്രീ.കെ.എം.സെയ്ദ് മുഹമ്മദ് ബോധിപ്പിച്ചു.

4) അനക്ഷർ - എ 10 നിവേദനത്തിന്മേൽ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിന്റെ കണക്കുകൾ കൈകാര്യം ചെയ്യുന്ന നഗരകാര്യ ഡയറക്ടർ വിശദമായ പരിശോധന നടത്തുകയും

കണക്കുകൾ പുനഃപരിശോധിക്കുകയുമുണ്ടായി. കോതമംഗലം നഗരസഭയിൽ നിന്നും 31/05/2014 ൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കെ.എം.സെയ്ദ് മുഹമ്മദിന്റെ സി.പി.എഫ് അക്കൗണ്ട് പുനഃപരിശോധിച്ചതിൽ നിന്നും നേരത്തെ അനുവദിച്ചതിൽ നിന്നും അധിക തുക നൽകാനുണ്ടെന്ന് കണ്ടെത്തുകയും ആയത് പരാമർശം (3) പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

5) ശ്രീ.കെ.എം.സെയ്ദ് മുഹമ്മദിനെ നേരിൽ കേട്ടതിന്റെയും അനക്ഷർ - എ 10 പരിശോധിച്ചതിന്റെയും സി.പി.എഫ് ക്ലോഷർ പ്രകാരം പുനഃപരിശോധിച്ച് അർഹമായ തുക പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ, അനക്ഷർ - എ 10 നിവേദനത്തിലെ ആവശ്യം നടപ്പിലാക്കിയിട്ടുള്ളതിനാൽ ഈ വിഷയത്തിന്മേൽ തുടർനടപടികൾ ആവശ്യമില്ല.

6) 10/05/2018 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.സെയ്ദ് മുഹമ്മദ്, റിട്ട.ഡ്രൈവർ, കോതമംഗലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോതമംഗലം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ